## പരിശീലനം പൂർത്തിയാക്കിയത് 900 പേർ

# യന്ത്രമുപയോഗിച്ച് തെങ്ങിൽകയറാൻ ആവേശത്തോടെ യുവാക്കൾ

**കൊയിലാണ്ടി:** നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന സൗജന്യ തെങ്ങു കയറ്റ പരിശീലന പരിപാടിക്ക് യുവാക്കളിൽ നിന്ന് നല്ല പ്രതികരണം. പെരുവട്ടൂരിലെ ഉജ്ജയിനിയിൽ നടക്കുന്ന പരിശീലന പരിപാടിയിൽ 40 ബാച്ചുകളിലായി ഇതിനകം 900 പേർ തെങ്ങു കയറ്റ യന്ത്രമുപയോഗിച്ച് പരിശീലനം നേടി.

ഇടപ്പള്ളി കേന്ദ്രമായി പ്രവർത്തിക്കുന്ന ലോക്കൽ ഇക്കണോമിക് ഡവലപ്മെൻറ് സൊസൈറ്റി (ലീഡ്സ്) വഴിയാണ് കോഴിക്കോട് ജില്ലയിൽ പരിശീലന പരിപാടി നടത്തുന്നത്.

2012-ഒക്ടോബറിലാണ് കൊയിലാണ്ടി പെരുവട്ടൂർ ഉജ്ജയിനിയിൽ തെങ്ങുകയറ്റ പരിശീലന പരിപാടി തുടങ്ങിയത്. ഒരു ബാച്ച് പൂർണമായും യുവതികൾക്കുവേണ്ടി നീക്കിവെച്ചു. ഉന്നതവിദ്യാഭ്യാസം നേടിയവരും തെങ്ങുകയറ്റ പരിശീലനത്തിനെത്തിയിരുന്നു.

തിങ്കൾ മുതൽ ശനിയാഴ്ചവരെയാണ് ഓരോ ബാച്ചിൻെറയും പരിശീലനം. രാവിലെ ആറുമണിക്ക് യോഗാ ക്ലാസോടെ പരിശീലനം തുടങ്ങും. തുടർന്ന് 8.30 മുതൽ 10.30വരെ തെങ്ങു കയറ്റ പരിശീലനമാണ്. ആദ്യ ദിവസം 10 അടിവരെ മാത്രമാണ് തെങ്ങിൽ കയറ്റം. 11 മണി മുതൽ ഒരു മണിവരെ തിയറി ക്ലാസാണ്. മൂന്നു മണിമുതൽ അഞ്ചു മണിവരെ വീണ്ടും തെങ്ങുകയറ്റ പരിശീലനം. തുടർന്നു വീണ്ടും തിയറി ക്ലാസ്.

18-നും 45-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാം. താമസവും ഭക്ഷണവും സൗജന്യം. 3,000 രൂപ വിലയുള്ള റെയ്ഡ്കോയുടെ തെങ്ങുകയറ്റയന്ത്രവും സൗജന്യമായി നൽകും. നാളികേര വികസന ബോർഡിൻെറ സർട്ടിഫിക്കറ്റും നൽകും. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ഉണ്ട്.



തെങ്ങ് കയറ്റ യന്ത്രമുപയോഗിച്ച് പരിശീലനം നേടിയവർ

വിദ്യാർഥികൾ ഏറെ പേർ പരിശീലനത്തിന് എത്തുന്നുണ്ട്. രാവിലെ യന്ത്രമുപയോഗിച്ച് തെങ്ങിൽ കയറി നല്ലൊരു വരുമാനമുണ്ടാക്കിയ ശേഷമാണ് ഇവർ പഠിക്കാൻ പോകുന്നത്. കൊയിലാണ്ടിയിലും പരിസരത്തുമുള്ള ചില ഓട്ടോറിക്ഷാ തൊഴിലാളികളും രാവിലെ യന്ത്രമുപയോഗിച്ച് തെങ്ങ് കയറാൻ പോകുന്നുണ്ട്. പനയിൽ കയറി പട്ട മുറിക്കാനും ചിലർ ഈ യന്ത്രമുപയോഗിക്കുന്നുണ്ട്.

നീര ചെത്താനുള്ള പരിശീലനവും ഇതിൻെറ ഭാഗമായി നൽകും. എറണാകുളത്ത് വെച്ച് ആദ്യഘട്ടത്തിൽ നിലവിലുള്ള കള്ള് ചെത്ത് തൊഴിലാളികൾക്ക് നീര ചെത്താൻ പരിശീലനം നൽകും. ഇവരെ ഉപയോഗിച്ച് മറ്റുള്ള നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകും.

തെങ്ങ് കയറ്റ പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9447884104, 9645781234. 0495-2372666 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.